(സി) കേസിൽ ഉൾപ്പെട്ട തൊണ്ടി സാധനങ്ങൾ എന്തൊക്കെയായിരുന്നു ;

(ഡി) കേസ് കോംമ്പൗണ്ട് ചെയ്തിട്ടുണ്ടോ ;

(ഇ) എങ്കിൽ കേസ് കോംമ്പൗണ്ട് ചെയ്തത് നിയമവിധേയം ആയിട്ടാണോ ;

(എഫ്) എങ്കിൽ നിയമവിരുദ്ധമായി കേസ് കോംമ്പൗണ്ട് ചെയ്ത ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടി സ്വീകരിക്കുമോ ;

(ജി) കേസ് കോംമ്പൗണ്ട് ചെയ്യുന്നതിന് പ്രതികളിൽ നിന്നും വലിയതുക വാങ്ങിയതായിട്ടുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എച്ച്) കോംമ്പൗണ്ടിഗ് ഫീസിനത്തിൽ എന്തുതുക സർക്കാരിന് ലഭിച്ചിട്ടുണ്ട് ;

(ഐ) പ്രസ്തുത കേസിന്റെ ഗൗരവ സ്വഭാവം കണക്കിലെടുത്ത് ഇക്കാര്യത്തിൽ വിജിലൻസിനെകൊണ്ട് അന്വേഷണം നടത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉടുംമ്പൻചോല കാർഡമം ഹിൽ റിസർവ്വിൽ ഉദ്ദേശം 5 ഏക്കർ വരുന്ന സ്ഥലത്ത് നിന്നിരുന്ന വലുതും ചെറുതുമായ മരങ്ങൾ നിയമവിരുദ്ധമായി മുറിച്ചു വീഴ്ത്തി കഷണങ്ങളാക്കുകയും, ഏതാനും മരങ്ങളുടെ കഷ്ണങ്ങൾ വെട്ടിപ്പൊളിച്ച് സ്ഥലത്തു നിന്നും നീക്കം ചെയ്യുകയും ചെയ്തു എന്നതാണ് കേസ്.

(സി) ഇലവ് തടി കഷ്ണങ്ങളും വിറകുമാണ് തൊണ്ടി സാധനങ്ങൾ.

(ഡി& ഇ) ഉണ്ട്. നിയമവിധേയമാണെങ്കിലും കേസുകൾ കോമ്പൗണ്ടു ചെയ്യാതെ കോടതിയിൽ ചാർജ്ജ് ചെയ്യണം എന്നുള്ള നിർദ്ദേശത്തിന് വിരുദ്ധമാണ്.

(എഫ്) നിർദ്ദേശത്തിന് വിരുദ്ധമായി പ്രവർത്തിച്ചതിന് നടപടി സ്വീകരിക്കുന്നതാണ്.

(ജി) ഇത്തരമൊരു ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എച്ച്) 3220 രൂപ (ഉല്പന്നത്തിന്റെ വിലയായി 2220 രൂപയും അനധികൃത നടപടിയ്ക്ക് പിഴയായി 1000 രൂപയും.)

(ഐ) ഇക്കാര്യത്തിലുള്ള പ്രാഥമിക അന്വേഷണത്തിനുശേഷം ആവശ്യമെങ്കിൽ വിജിലൻസ് അന്വേഷണം നടത്തുന്നതാണ്.

വനങ്ങളിലെ കഞ്ചാവുകൃഷി തടയുന്നതിന് നടപടി

60 (2773) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനങ്ങളിലെ കഞ്ചാവു കൃഷി വർദ്ധിച്ചു വരുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വനങ്ങളിലെ കഞ്ചാവുകൃഷി തടയുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമല്ല എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതിനായി എന്തെങ്കിലും പ്രത്യേക സംവിധാനം ഏർപ്പെടുത്തുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) വനങ്ങളിലെ കഞ്ചാവുകൃഷി തടയുന്നതിനു പ്രത്യേക സ്കാഡ് രൂപീകരിച്ചിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ജി) ഇല്ലെങ്കിൽ ഇക്കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ;

(എച്ച്) വിശദാംശം വെളിപ്പെടുത്തുമോ ;

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിലുള്ള നിയമങ്ങളിൽ കാലോചിതമായ മാറ്റം വരുത്തേണ്ടതുണ്ട്.

(സി) കഞ്ചാവുകൃഷി കണ്ടെത്തി നശിപ്പിക്കുന്നതിനും കൃഷി നടത്തുന്നതിനുള്ള ശ്രമങ്ങൾ തടയുന്നതിനും പ്രത്യേക സംവിധാനം ഉൾക്കൊള്ളുന്ന ഒരു പദ്ധതി ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്.

(ഡി) വനപ്രദേശങ്ങളിലെ കഞ്ചാവു കൃഷി ചെയ്യുന്ന സ്ഥലങ്ങൾ, കൃഷിചെയ്യുന്ന ആൾക്കാർ, അവർക്ക് പിന്തുണ നൽകുന്നവർ ഇവരെപ്പറ്റി രഹസ്യ വിവരം ശേഖരിക്കുക, കഞ്ചാവു കൃഷി കണ്ടെത്തി നശിപ്പിക്കുക, കുറ്റവാളികളെ കോടതിയിൽ എത്തിക്കുക, കഞ്ചാവു കൃഷിയെക്കുറിച്ചുള്ള വിവര ശേഖരണം നടത്തുക, കഞ്ചാവു കൃഷിക്കെതിരെ ബോധവൽക്കരണം നടത്തുക, ഏരിയൽ സർവ്വേ നടത്തി കഞ്ചാവു കൃഷിയുള്ള സ്ഥലങ്ങൾ കണ്ടെത്തുക മുതലായവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ.

(ഇ) ഇല്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

(ജി &എച്ച്) സർക്കാരിന്റെ പരിശോധനയിലാണ്.

വനം വകുപ്പിൽ ശിക്ഷാനടപടി സംബന്ധിച്ച ഫയലുകളിൽ തീർപ്പ് കൽപ്പിക്കുന്നതിൽ കാലതാമസം

61 (2774) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനംവകുപ്പിൽ ജീവനക്കാരുടെ ശിക്ഷണ നടപടി സംബന്ധിച്ച ഫയലുകൾ തീർപ്പ് കൽപ്പിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly